MAR REMIGIOSE INCHANANIYIL
Bishop of Thamarassery

*സർക്കുലർ 09/2026*

# വിശ്വാസപരിശീലന വർഷം 2026-27

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

വിനോദവും വിശ്രമവും നിറഞ്ഞ വേനലവധിക്കാലം പൂർത്തിയാക്കി പഠനത്തിന്റെയും വായനയുടെയും ലോകത്തിലേക്ക്, കലാലയത്തിലേക്ക്, നമ്മുടെ കുട്ടികൾ തിരികെ പ്രവേശിക്കാൻ ഒരുങ്ങുകയാണല്ലോ. അക്ഷരമുറ്റത്തേക്ക് അത്ഭുതത്തോടെ ആദ്യചുവടുകൾ വയ്ക്കാൻ തയാറെടുക്കുന്ന കുഞ്ഞുങ്ങളെയും വാത്സല്യപൂർവം ഈ അവസരത്തിൽ ഞാൻ അനുസ്മരിക്കുകയാണ്. എല്ലാ വിദ്യാർഥികൾക്കും പ്രതീക്ഷകൾ നിറഞ്ഞ അധ്യയനവർഷം ആശംസിക്കുന്നു. അതോടൊപ്പം, ജൂൺ 7 ഞായറാഴ്ച മുതൽ പുനരാരംഭിക്കുന്ന, മതബോധനം എല്ലാ കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ദൈവാനുഗ്രഹത്തിന്റെയും കൃപയുടെയും വർഷമാകട്ടെയെന്നു പ്രാർഥിക്കുകയും ചെയ്യുന്നു.

"അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ 2,5) എന്ന തിരുവചനമാണ് 2026-27 വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം. ഈശോ ആദ്യാത്ഭുതം പ്രവർത്തിച്ച കാനായിലെ കല്യാണവിരുന്നിൽ, അമ്മയായ പരിശുദ്ധമറിയം പരിചാരകരോടു പറയുന്ന വചനമാണിത്. ക്രിസ്തുവചനത്തിൽ, ജീവനും ശക്തിയും ജീവിതപ്രശ്നങ്ങൾക്ക് ഉത്തരവുമുണ്ട്. തിരുവചനം ആഴത്തിലറിയാനും, അവയെ സ്നേഹിക്കാനും, വചനത്തിനു സാക്ഷ്യം വഹിക്കാനും ഓരോ ക്രൈസ്തവനും കടമയുണ്ട്. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വിശേഷിപ്പിക്കുന്നതുപോലെ, നമ്മുടെ ആത്മീയതയുടെ അടിത്തറയും അടിസ്ഥാനവുമായി തിരുവചനം മാറട്ടെ. വിശുദ്ധവചനങ്ങളുടെ മുൻപിൽ നാം പ്രണമിക്കുകയും അവയെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധഅമ്മയുടെ കാനായിലെ അഭ്യർഥന നമ്മുടെ ജീവിതത്തിൽ അന്വർഥമാകും.

തിരുവചനത്തെ അറിയാനും സ്നേഹിക്കാനുമുള്ള പരിശ്രമങ്ങൾക്ക് പ്രാധാന്യം നൽകുന്ന പുതിയ വിശ്വാസപരിശീലന വർഷത്തിൽ നിരവധി കർമ്മപദ്ധതികൾ പാഠ്യപദ്ധതിയോടൊപ്പം ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രസക്തമാണ്, ആയിരം ദിവസങ്ങൾ കൊണ്ട് എല്ലാ കുട്ടികളും വി. ഗ്രന്ഥം ആദ്യന്തം വായിക്കാൻ സഹായിക്കുന്ന Bible Journey എന്ന വചന വായന പദ്ധതി. നിങ്ങളുടെ സഹകരണത്തോടെ ആരംഭിക്കുന്ന പ്രസ്തുത ഉദ്യമത്തിലൂടെ കുട്ടികളും മാതാപിതാക്കളും വിശ്വാസപരിശീലകരും സമ്പൂർണ്ണ ബൈബിൾ ധ്യാനാത്മകമായി വായിക്കാൻ ശ്രമിക്കണമെന്നു സ്നേഹപൂർവം അഭ്യർഥിക്കുന്നു.

Bishop's House, P .B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : 0495 - 2223376, 2223019 (P+ Fax)
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com

MAR REMIGIOSE INCHANANIYIL
Bishop of Thamarassery

ദൈവവചനത്തെകുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെകുറിച്ചുള്ള അജ്ഞതയാണെന്ന് സഭാപിതാവായ വി. ജെറോം പഠിപ്പിക്കുന്നുണ്ട്. വചനത്തെ വിചിന്തന വിധേയമാക്കുന്നവർ ഈശോയെ ആഴത്തിലറിയുന്നവരാണ്. ജീവിതത്തിന്റെ പ്രതിസന്ധികളിലും ആപത്ഘട്ടങ്ങളിലും ആത്മധൈര്യവും പ്രതീക്ഷയും സാന്ത്വനവുമേകുന്നതാണ് തിരുവചനം. നിങ്ങളുടെ ബാഗിൽ സുവിശേഷം എപ്പോഴും കരുതുകയും, ഒരു വചനഭാഗം എല്ലാ ദിവസവും വായിക്കുകയും ചെയ്യുക എന്ന് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തത്, നമ്മുടെ ആത്മീയ ജീവിതത്തെ പടുത്തുയർത്താൻ ദൈവവചനത്തിനു അത്രമാത്രം സ്വാധീനമുണ്ടെന്നു തിരിച്ചറിഞ്ഞതുകൊണ്ടാണ്. പാറമേൽ പണിത ഭവനം പോലെ നമ്മുടെ ജീവിതത്തെ വചനത്താൽ പടുത്തുയർത്താൻ, വിശ്വാസപരിശീലന വർഷത്തിലെ തിരുവചനാധിഷ്ഠിതമായ കർമ്മപദ്ധതികളിലൂടെ സഹായകമാകട്ടെയെന്ന് പ്രാർഥിക്കുന്നു.

എല്ലാദിവസവും താല്പര്യത്തോടെ, ദൈവവചനം വായിക്കുന്ന ഉത്തമശീലം അധ്യാപകരും, മാതാപിതാക്കളും, കുട്ടികളും വളർത്തിയെടുക്കാൻ പരിശ്രമിക്കുമല്ലോ. അനുദിനം ഭക്ഷണം കഴിക്കുന്നതുപോലെ ആത്മീയ ഭക്ഷണമായ വചനവും നമുക്ക് ഭക്ഷിക്കാം. ദൈവവചനം വിശ്വാസികളുടെ ആത്മീയ ഭക്ഷണവും ശക്തിയുമാണെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നത് ഈ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിലാണ് (ദൈവാവിഷ്കരണം *21*). തിരുവചനം, അത് വായിക്കുന്നവനോടൊപ്പം വളരുന്നു എന്ന് മഹാനായ വി. ഗ്രിഗറിയും അനുദിനമുള്ള ദൈവവചന വായന പാപത്തിനെതിരായ പ്രതിരോധമാണെന്ന് വി. ജോൺ ക്രിസോസ്തോമും നല്കിയ പ്രബോധനങ്ങൾ വചനത്തിന്റെ ഉപാസകരാകാൻ നമുക്ക് എന്നും വെളിച്ചമാകട്ടെ.

വിശ്വാസത്തിന്റെ ആദ്യ പ്രഘോഷകരെന്ന് മാതാപിതാക്കളെ രണ്ടാം വത്തിക്കാൻ സൂനഹദോസ് സംബോധന ചെയ്യുന്നുണ്ട് *(ജനതകളുടെ പ്രകാശം 11)*. വിശ്വാസം കൈമാറാൻ, പ്രഥമവും പ്രധാനവുമായ ചുമതലയുള്ള അവർ, കൈമാറികിട്ടിയ വിശ്വാസം ജാഗരൂകതയോടെ അടുത്ത തലമുറയിലേക്ക് നല്കുവാനുള്ള ക്രിസ്തീയ ഉത്തരവാദിത്വം വഹിക്കുന്നവരാണ്. ഈ വിശ്വാസ കൈമാറ്റം ഒരു പ്രത്യേക സമയത്ത് മാത്രം അനുവർത്തിക്കേണ്ട ശുശ്രൂഷ എന്നതിനേക്കാൾ വീട്ടിലായിരിക്കുമ്പോഴും, യാത്രചെയ്യുമ്പോഴും, അനുദിന ജീവിതത്തിലെ ഓരോ നിമിഷത്തിലും മാതാപിതാക്കന്മാർ ശ്രദ്ധയോടെ നിർവഹിക്കേണ്ടതാണ്. ക്രൈസ്തവ ജീവിതത്തിലേക്കുള്ള പ്രഥമ വിദ്യാലയവും കുടുംബമാണല്ലോ. അവയ്ക്ക് നേതൃത്വം നല്കുന്ന മാതാപിതാക്കൾ വിശ്വാസ കൈമാറ്റത്തിൽ ഗൗരവും തീക്ഷണവുമായ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

മാതാപിതാക്കൾ ജാഗരൂകതയോടെ വിശ്വാസം കൈമാറിയ കുടുംബങ്ങളിലെ മക്കൾ പുണ്യത്തിലും വിശുദ്ധിയിലും വളർന്ന് ദൈവത്തിന്റെ പ്രിയപ്പെട്ടവരായി മാറിയ ധാരാളം സംഭവങ്ങൾ തിരുസഭയുടെ ചരിത്രത്തിലുണ്ട്. വി. കൊച്ചുത്രേസ്യയും അവളുടെ സഹോദരങ്ങളും പുണ്യത്തിലും വിശുദ്ധിയിലും വളർന്ന് തിരുസഭാരാമത്തിലെ പുണ്യപുഷ്പങ്ങളായിത്തീർന്നത് മാതാപിതാക്കളായ വി. ലൂയി മാർട്ടിനും വി. സെലിഗ്വെരിനും ശ്രദ്ധയോടെ തങ്ങളുടെ മക്കളെ വിശ്വാസം പരിശീലിപ്പിച്ചതുകൊണ്ടാണ്. ധന്യരായ ഈ മാതാപിതാക്കളുടെ മാതൃക നമ്മുടെ കുടുംബങ്ങൾക്കു പ്രചോദനമാകട്ടെയെന്ന് പ്രാർഥിക്കുന്നു.

Bishop's House, P .B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : 0495 - 2223376, 2223019 (P+ Fax)
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com

MAR REMIGIOSE INCHANANIYIL
Bishop of Thamarassery

‘ശിശുക്കളെ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ, അവരെ തടയരുത്’ (മത്താ 19,14) എന്ന ഈശോയുടെ കല്പന തിരുവചനത്തിന്റെ സമ്പന്നതയിലേക്ക് കടന്നുവരാനുള്ള ക്ഷണമാണ്. വചനത്തോടുള്ള ആഭിമുഖ്യത്തിൽ വളരാൻ 2026-27 അധ്യയനവർഷത്തിൽ നമുക്ക് സാധിക്കട്ടെ. തിരക്കുകൾക്കിടയിലും കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിനായി ജീവിതം സമർപ്പിച്ച എല്ലാ അധ്യാപകരെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. വിശ്വാസ കൈമാറ്റ പ്രക്രിയയിൽ പങ്കുകാരാകാൻ ഈശോയാണ് നിങ്ങളെ ക്ഷണിക്കുന്നത്. ‘ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം! അത് എന്റെ കടമയാണ്’ (1 കോറി 9,16) എന്ന വി. പൗലോസ് ശ്ലീഹായുടേതിനു സമാനമായ നിങ്ങളുടെ മനോഭാവത്തെയും ദൈവത്തോടുള്ള വിശ്വസ്തതയെയും കർത്താവ് പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ.

എല്ലാവർക്കും ഒരിക്കൽക്കൂടി ദൈവാനുഗ്രഹപ്രദമായ വിശ്വാസപരിശീലന വർഷാരംഭം ആശംസിക്കുന്നു. “അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്” (സങ്കീ 119,105) എന്ന സങ്കീർത്തനം, വചനത്തോടുള്ള സ്നേഹത്തിലും അറിവിലും വളരാൻ നമുക്ക് എന്നും ശക്തി പ്രദാനം ചെയ്യട്ടെ.

വചനത്തെ ഉപാസിച്ച പരിശുദ്ധ കന്യകമറിയവും വചനത്തിന്റെ കാവൽക്കാരനായ വി. യൗസേപ്പും വചനത്തിന് നൂറുമേനി വിളവ് നല്കിയ വി. അൽഫോൻസയും വചനത്തെ ആശ്ലേഷിക്കാനും പ്രണയിക്കാനും നിങ്ങൾക്ക് സഹായകമാകട്ടെ.

സ്നേഹപൂർവം,

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2026 മെയ് 31-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.*

Bishop’s House, P .B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : 0495 - 2223376, 2223019 (P+ Fax)
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com